II ഇ.ബി.XIV-കേരള നിയമസഭ/VII-3

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 ആഗസ്റ്റ് 09, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

6 (*61 & *83) വന്യമൃഗങ്ങളുടെ ആക്രമണം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, ജനവാസ മേഖലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ/മതിലുകൾ എന്നിവ നിർമ്മിക്കാനും റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കാനും പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് നൽകാനും ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യാനും എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം

നൽകാനും വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കാനും വന്യജീവി ആക്രമണംമൂലം കൃഷിനാശം ഉണ്ടാകുന്ന സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കാനും വനത്തിനുള്ളിൽ ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കാനും വനവത്കരണം നടത്താനും ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ നിയമാനുസരണം വന്ധ്യംകരിക്കുവാനും പൊതുജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ വന്യജീവി സംഘർഷ മേഖലകളിലായി 204 ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും 65 സ്ഥലങ്ങളിൽ എസ്.എം.എസ്. അലെർട്ട് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വയനാട് ജില്ലയിൽ 6.085 കിലോമീറ്ററിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ആനകളുടെ ആക്രമണമുള്ള പ്രദേശങ്ങളിൽ ആർ.ആർ.ടി.-യെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആർ.ആർ.ടി.-കളുടെ എണ്ണം 6-ൽ നിന്നും 13 ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുകയുടെ വിതരണ നടപടികൾ 01.08.2016 മുതൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ വികസിപ്പിച്ചെടുത്ത ഇ-ഡിസ്ട്രിക്റ്റ് സോഫ്റ്റ്‌വെയർ മുഖേന

ഓൺലൈനായാണ് നിർവ്വഹിക്കുന്നതെന്നും അക്ഷയ സെന്റർ മുഖേനയോ ഇ-ഡിസ്ട്രിക് വെബ്സൈറ്റ് വഴിയോ ബന്ധപ്പെട്ട സ്ഥലത്തെ ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് റെയിഞ്ച് ഫോറസ്റ്റാഫീസർക്ക് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമെന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആക്രമണകാരികളും എണ്ണത്തിൽ വർദ്ധനവുമുള്ള പ്രത്യേകയിനം മൃഗങ്ങളെ വംശനാശം വരാത്തവിധം നശിപ്പിക്കുന്നതിന് അവയുടെ കണക്കുകൾ സ്വരൂപിച്ച് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്കായി അപേക്ഷിക്കുന്നതാണ്. വനത്തിൽ ഒറ്റപ്പെടുന്നതും അപകടത്തിൽപ്പെടുന്നതുമായ ആനക്കുട്ടികളെ വനംവകുപ്പിന്റെ കോട്ടൂർ, കോന്നി, കോടനാട്, വയനാട് എന്നീ ആന പരിപാലന കേന്ദ്രങ്ങളിലെത്തിച്ച് സംരക്ഷിക്കുകയും ഇവിടങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുള്ള ആരോഗ്യവും കാര്യക്ഷമതയുമുള്ള എട്ട് ആനകളെ മികച്ച പരിശീലനം നൽകി കുങ്കി ആനകളാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പാലക്കാട് ജില്ലയിലെ ജനവാസ കേന്ദ്രത്തിലിറങ്ങിയ ആനകളെ കാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും വന്യമൃഗങ്ങളെ ജനവാസ മേഖലയിൽ നിന്നും തുരത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യ

ഉപയോഗിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുമെന്നും വന്യമൃഗ ആക്രമണത്തിൽ മരിച്ച ഇ.ഡി.സി. അംഗത്തിന്റെയും വന്യമൃഗ ശല്യംമൂലം ആത്മഹത്യചെയ്ത വീട്ടമ്മയുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വിള ഇൻഷ്വറൻസ് സ്കീമിൽ വന്യജീവികൾമൂലമുള്ള നാശനഷ്ടങ്ങൾക്ക് 2 മുതൽ 13 ഇരട്ടിവരെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

7 (*62 & *89) <u>പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 25 മുതൽ 100 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും 2017-18 വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് കേന്ദ്ര-സംസ്ഥാന പദ്ധതിയിനത്തിൽ 733 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 198 കോടി രൂപയും വിദ്യാഭ്യാസാവശ്യത്തിനായി വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെ ഉന്നതിക്കായി നടപ്പിലാക്കുന്ന പൊതു പദ്ധതികൾക്കു പുറമെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി യാത്രാ സൗകര്യം ഏർപ്പാടാക്കുന്ന 'ഗോത്രസാരഥി' പദ്ധതി, വിജയശതമാനം വർദ്ധിപ്പിക്കുന്ന ട്യൂട്ടോറിയൽ പദ്ധതി,

യൂണിഫോം വിതരണം, മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്, സങ്കേതങ്ങൾക്കുള്ളിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, വികാസ് വാടികൾ, കിന്റർഗാർട്ടനുകൾ, ബാലവാടികൾ, സൈനിക സ്കൂൾ/നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം എന്നീ പ്രത്യേക പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ ഊരുകളിൽ ഈ വർഷം അഞ്ച് ലക്ഷം രൂപ വീതം ചെലവാക്കി ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, ഫർണിച്ചറുകൾ, ലൈബ്രറി എന്നിവയോടുകൂടി നൂറ് 'സാമൂഹ്യ പഠന മുറികൾ' സ്ഥാപിക്കാനും 15,000/- രൂപ ഓണറേറിയത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ട്യൂട്ടറെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. 'ഗോത്രബന്ധു' പദ്ധതി പ്രകാരം വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് നൽകിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.-കളുടെയും ഐ.ടി.ഐ.-കളുടെയും ഹോസ്റ്റലുകളുടെയും നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചതോടൊപ്പം പുതുതായി ഒരു എം.ആർ.എസ്-ന്റെയും 12 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണ നടപടികൾ ആരംഭിക്കുകയും ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരുടെ സേവനം

ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം മുതൽ താമസ സൗകര്യമില്ലാത്ത വീടുകളിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്കായി 2,00,000/- രൂപ ചെലവിൽ 5000 'പഠനമുറികൾ' നിർമ്മിക്കാനും പ്ലസ് ടു ഇല്ലാത്ത 11 എം.ആർ.എസ്.-കളിൽ അവ ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.കളിൽ നൂതന ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഓണക്കാലത്ത് 1,55,000 ആദിവാസി വീടുകളിൽ ഓണക്കിറ്റും അറുപത് വയസ് തികഞ്ഞ 51,476 പേർക്ക് ഓണക്കോടിയും വിതരണം ചെയ്യുമെന്നും പത്തനംതിട്ടയിലെ അടിച്ചിപ്പുഴ കോളനിയിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും നിലമ്പൂരിൽ പോളീടെക്നിക്കും ആവശ്യമാണോയെന്ന് പരിശോധിക്കുകയും ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതികൾ സംബന്ധിച്ച് കൃഷിവകുപ്പുമായി ചർച്ച ചെയ്യുകയും അട്ടപ്പാടി മേഖലയിലെ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവർക്ക് തൊഴിൽ നൽകുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുകയും ചെയ്യുന്നതാണെന്നും ഡോ. ബി. ആർ. അംബേദ്കർ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിലെ പരിശീലനാർത്ഥികളുടെ ഫീഡ്ബാക്ക് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടെന്നും വെള്ളായണി അയ്യങ്കാളി സ്പോർട്സ് സ്കൂൾ സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കാമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. പാലോട് പോലീസ് സ്റ്റേഷൻ പരിധിയിലെ ആദിവാസി ആത്മഹത്യകൾ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 699 മുതൽ 989 വരെയുള്ള ചോദ്യങ്ങളിൽ 159 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)